**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3050** **04-08-2021 - ൽ മറുപടിയ്ക്ക്**

**പി.പി.പി മോഡലിൽ ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയ-അന്തർദേശീയ ശാസ്ത്ര സാങ്കേതിക മേഖലകളിലുണ്ടായിട്ടുള്ള നവീന ആശയങ്ങളുടെയും പ്രോജക്ടുകളുടെയും ആഴത്തിലുള്ള പഠനത്തിനും ഗവേഷണത്തിനും ഉതകുന്ന ശാസ്ത്ര- സാങ്കേതിക സ്ഥാപനങ്ങൾ സംസ്ഥാനത്ത് കൂടുതൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ എട്ട് അനുബന്ധ ഗവേഷണ സ്ഥാപനങ്ങളും, ഈ വകുപ്പിന്റെ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ ചുവടെ പറയുന്ന ശാസ്ത്ര സാങ്കേതിക വിഷയങ്ങളിൽ റിസർച്ച് നടത്തുന്നു. i വനം iiഗതാഗതം ii സസ്യശാസ്ത്രം ivകാലാവസ്ഥാ വ്യതിയാനം vഗണിത ശാസ്ത്രം viഅടിസ്ഥാന ശാസ്ത്രം vii ജല വിഭവം viii വൈറോളജി പ്രകൃതി ദുരന്തങ്ങളും മഹാമാരികളും ഏറി വരുന്ന ഈ കാലഘട്ടത്തിൽ ഈ വിഷയങ്ങളിൽ ഊന്നിയുള്ള ശാസ്ത്ര സാങ്കേതിക ഗവേഷണങ്ങൾക്ക് പരമ പ്രാധാന്യമുള്ളതിനാൽ ഇക്കാര്യങ്ങൾ കണക്കിലെടുത്തു കൊണ്ട് പുതിയ ഗവേഷണ മേഖലകളും സ്ഥാപനങ്ങളും സൃഷ്ടിക്കുന്നത് പരിശോധിക്കാവുന്നതാണ്. |
| (ബി) | മെഡിക്കൽ,കാർഷിക, സാങ്കേതിക രംഗങ്ങളിലെ ഗവേഷണങ്ങൾക്കും പ്രായോഗിക കണ്ടുപിടുത്തങ്ങൾക്കും വേണ്ടി പി.പി.പി മോഡലിൽ ശാസ്ത്ര -ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ തയ്യാറാകുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | നിലവിലുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (സി) | പല ഗവേഷണ മേഖലകളിലും മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിച്ചിട്ടുണ്ട്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ വിവിധ ദേശീയ അന്തർ ദേശീയ ഫണ്ടിങ്ങ് ഏജൻസികളിൽ നിന്നുള്ള ധന സമാഹരണത്തെ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ കൗൺസിലിന് കീഴിലുള്ള പല ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളും, ദേശീയ അന്തർ ദേശീയ തലങ്ങളിലുള്ള |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ,/ഏജൻസികൾ എന്നിവയുമായി ഒത്തൊരുമിച്ച ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി ധാരണാ പത്രം ഒപ്പ് വെച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ആയത് വഴി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗുണമേന്മ പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈവരുന്നുണ്ട്. ഗവേഷണ മേഖലയിൽ ഉന്നത നിലവാരം കൈവരിക്കുന്നതിനായി സർക്കാർ സാമ്പത്തികവും അടിസ്ഥാനപരവുമായ സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | മനുഷ്യ വിഭവശേഷി കൂടുതലായുള്ള കേരളത്തിൽ അതിന് അനുസരിച്ചുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പിന്തുണ നൽകുന്ന ശാസ്ത്ര -ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ? | (ഡി) | കൗൺസിലിന്റെ പ്രോഗ്രാമായ TDAP(Technology Development Adaptation Programme) എ.പി.ജെ അബ്ദുൾ കലാം സപ്പോർട്ട് സ്കീം എന്നിവ വഴി ചെറുപ്പക്കാരായ ഗവേഷകർക്ക് അവരുടെ ആശയങ്ങൾ പങ്ക് വയ്ക്കുന്നതിനും തദ്വാരാ വ്യാവസായിക യൂണിറ്റുകൾ തുടങ്ങുന്നതിനു പ്രചോദനവും പിന്തുണയും നൽകുന്നുണ്ട്. ഇതു കൂടാതെ നിലവിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും യുവ ഗവേഷകർക്ക് അവരുടെ അറിവും കഴിവും ഉയർത്തുന്നതിനായി വിവിധ തരത്തിലുള്ള ട്രെയിനിങ്ങ് പ്രോഗ്രാമുകളും സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാമുകളും നൽകുന്നത് വഴി വിവിധ തൊഴിൽ മേഖലകളിൽ അവസരങ്ങൾ നേടുന്നതിനുള്ള സാഹചര്യം സംജാതമാകുന്നുണ്ട് |

സെക്ഷൻ ഓഫീസർ